(7) അദ്ധ്യാപക നിയമനം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ വിദ്യാഭ്യാസ മേഖല പൊതുവേ പിന്നോക്കാവസ്ഥയിലാണുള്ളത്. 2009-10-ൽ 12 RMSA സ്കൂളുകളും 2013-14-ൽ 6 സ്കൂളുകളും വയനാട് ജില്ലയിൽ അനുവദിച്ചിരുന്നു. 3281 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഈ വർഷമാരംഭിച്ച റിപ്പൺ, കുമ്പാല, ബീനാച്ചി, തോറ്റമല തുടങ്ങിയ സ്കൂളുകളിൽ ഒരു അദ്ധ്യാപക തസ്തികപോലും അനുവദിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തും പി.ടി.എ.-യും കൂടി പണമെടുത്ത് ദിവസ വേതനാടിസ്ഥാനത്തിലാണ് അവർക്ക് ശമ്പളം നൽകി വരുന്നത്. ഇത് അധികനാൾ തുടരാൻ സാധിക്കില്ല. സർക്കാരിന്റെ ഇപ്പോഴുള്ള സാഹചര്യം കണക്കിലെടുത്ത് പുതിയ തസ്തിക സൃഷ്ടിക്കുന്നത് പ്രയാസകരമാണെന്നറിയാം. അദ്ധ്യാപക ബാങ്കിൽ മൂവായിരത്തോളം അദ്ധ്യാപകരുണ്ടെന്നാണ് പറയുന്നത്. എന്നാൽ വയനാട് ജില്ലയിലെ അദ്ധ്യാപക ബാങ്കിൽ ഒരാൾ പോലുമില്ല. ഒന്നുകിൽ ഈ മൂവായിരം അദ്ധ്യാപകരിൽ നിന്നും കുറച്ചുപേരെ ഇവിടെ റീ-ഡിപ്ലോയ് ചെയ്യണം; അല്ലെങ്കിൽ ഇപ്പോൾ വിവിധ ജില്ലകളിലായി ജോലി നോക്കുന്ന വയനാട് ജില്ലയിൽ നിന്നുള്ള അദ്ധ്യാപകരെ സ്ഥലംമാറ്റി ഇവിടെ കൊണ്ടുവരികയോ അല്ലെങ്കിൽ വർക്കിംഗ് അറേഞ്ച്മെന്റ് നടത്തിയോ ഈ പ്രശ്നത്തിന് പരിഹാരം കണ്ടില്ലെങ്കിൽ കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകും. മാത്രമല്ല മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അപ്രൂവലും ഇതിന് ലഭിച്ചിട്ടില്ല. സ്കൂളുകൾ അനുവദിച്ചതുകൊണ്ട് മാത്രമായില്ല, പഠിപ്പിക്കുന്നതിന് അദ്ധ്യാപകരും വേണം. കേരളത്തിലെ മറ്റ് ജില്ലകളിൽ അദ്ധ്യാപകർ കൂടുതലാണ്. അവരെ റീ-ഡിപ്ലോയ് ചെയ്ത് വയനാട് ജില്ലയിലെ പ്രശ്നം പരിഹരിക്കണം. വയനാട്ടിലെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ നിരവധി തവണ ഞാൻ ഉന്നയിച്ചെങ്കിലും പലതിനും പരിഹാരമായിട്ടില്ല. ഇതും പരിഹാരമാകാതെ പോകരുത്, ഇതിന് പരിഹാരം കണ്ടെത്തണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വയനാട് ജില്ലയിൽ RMSA പദ്ധതി പ്രകാരം 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 12 സ്കൂളുകളും 2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 2 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ 14 സ്കൂളുകളിലും കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അംഗീകരിച്ച പദ്ധതി പ്രകാരം അനുവദിച്ച എച്ച്.എം.-1, എച്ച്.എസ്.എ.-5, ഓഫീസ് അസിസ്റ്റന്റ്/ മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1 എന്നീ തസ്തികകളിലെ ജീവനക്കാർക്ക് RMSA ശമ്പളം നൽകുന്നുണ്ട്. ഈ 14 സ്കൂളുകളിലും അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനും പുനർവിന്യാസത്തിലൂടെ അദ്ധ്യാപകരെ നിയമിക്കുന്നതിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013-14 വർഷം RMSA പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി സമർപ്പിച്ച 30 സ്കൂളുകളുടെ പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ പരിഗണനയിലാണ്. ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞതുപോലെ എട്ടാം ക്ലാസ് ഇപ്പോൾ RMSA-യിൽ വരുന്നില്ല എന്നതാണ് കാരണം. ഗവൺമെന്റ് ഇപ്പറഞ്ഞ 30 സ്കൂളുകളിലും എട്ടാം ക്ലാസ് ആരംഭിക്കുകയും അദ്ധ്യാപകരെ വച്ച് ക്ലാസ് നടത്തുകയാണ്. അതിനുശേഷം 9-ാം ക്ലാസ് മുതലാണ് മാനവവിഭവശേഷി മന്ത്രാലയം പരിഗണിക്കുന്നത്. 30 സ്കൂളുകളുടെ പ്രൊപ്പോസൽ കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഭാഗത്തിൽ വയനാട് ജില്ലയിൽ 6 സ്കൂളുകളുണ്ട്. 7-9-2013-ലെ G.O.(Ms) No. 249/2013/പൊ.വി.വ. പ്രകാരം ഈ സ്കൂളുകളിൽ എട്ടാം ക്ലാസ് തുടങ്ങാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് RMSA തുടർനടപടികൾ എടുക്കുന്നതാണ്. എങ്കിലും 2014-15 വർഷം തസ്തിക നിർണ്ണയം നടത്തിയപ്പോൾ അധികമായി വന്ന അദ്ധ്യാപകരെ ടി സ്കൂളുകളിൽ പുനർവിന്യസിക്കുന്നതിനും അപ്രകാരം അദ്ധ്യാപകരില്ലെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും വേണ്ട നിർദ്ദേശം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 12 സ്കൂളുകളിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ ഫണ്ട് ഉപയോഗിച്ച് രണ്ട് സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ബാക്കി 10 സ്കൂളുകളിൽ ഇ-ടെണ്ടറിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അടുത്ത സബ്മിഷൻ ശ്രീ. മാത്യു റ്റി. തോമസിന്റേതാണ്. ഇതേ സബ്മിഷൻ തന്നെ ശ്രീ. സി. എഫ്. തോമസും നൽകിയിട്ടുണ്ട്. പക്ഷേ ശ്രീ. മാത്യു റ്റി. തോമസിന് സബ്മിഷൻ നൽകിയതിനുശേഷമാണ് ശ്രീ. സി. എഫ്. തോമസിന്റെ സബ്മിഷൻ കത്ത് കിട്ടുന്നത്. ഈ ആവശ്യം രണ്ടുപേരും ഉന്നയിച്ചിട്ടുണ്ട്. ശ്രീ. മാത്യു റ്റി. തോമസിന് സബ്മിഷൻ അവതരിപ്പിക്കാം.

(8) താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, പക്ഷിപ്പനി കാരണം കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ താറാവുകൾ വ്യാപകമായി ചത്തൊടുങ്ങുകയുണ്ടായി. എന്നാൽ അതേസമയം തന്നെ പക്ഷിപ്പനി കാണപ്പെട്ട പ്രദേശത്തിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly